"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - ലോട്ടറി സ്കീം പഠനവുമായി ബന്ധപ്പെട്ട് പഞ്ചാബിൽ നിന്നുള്ള മൂന്നംഗ ഉദ്യോഗസ്ഥ വൃന്ദം **30.04.2018** മുതൽ **04.05.2018** വരെയുള്ള തീയതികളിൽ സംസ്ഥാനത്ത് സന്ദർശനം നടത്തിയ ഇനത്തിൽ തുക ചെലവഴിച്ചതിന് സാധൂകരണം നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.**239/2025/TAXES**    തീയതി,തിരുവനന്തപുരം, **17-03-2025**

---

പരാമർശം:-
1. **07.08.2017**-ലെ **GO(P)No.102/2017/Fin** നമ്പർ ഉത്തരവ്
2. സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ **23.06.2018** ലെ **OSL/47256/18/DSL** നമ്പർ കത്ത്
3. സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ **22.02.2025** ലെ **SLTY/274/2025-LEGAL1 SL** നമ്പർ കത്ത്

**ഉത്തരവ്**

ലോട്ടറി സ്കീം പഠനവുമായി ബന്ധപ്പെട്ട് പഞ്ചാബിൽ നിന്നുള്ള മൂന്നംഗ ഉദ്യോഗസ്ഥ സംഘം **30.04.2018** മുതൽ **04.05.2018** വരെയുള്ള തീയതികളിൽ സന്ദർശനം നടത്തിയിരുന്നതായും പ്രസ്തുത സംഘത്തിന്റെ താമസം, ഭക്ഷണം, യാത്രാസൗകര്യം, മറ്റു അനുബന്ധ കാര്യങ്ങൾ എന്നിവയ്ക്കായി **₹1,68,046** (ഒരു ലക്ഷത്തി അറുപത്തിയെട്ടായിരത്തി നാൽപത്തിയാറ് രൂപ മാത്രം) വകുപ്പിൽ നിന്നും ചെലവഴിച്ചിട്ടുണ്ടെന്നും ടി തുക ചെലവഴിച്ച നടപടി സാധൂകരിച്ച് നല്കണമെന്നും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർ ത്ഥിച്ചിട്ടുണ്ട്. സന്ദർശനത്തിന്റെ പ്രാധാന്യം, അടിയന്തര സാഹചര്യം എന്നിവ പരിഗണിച്ച്, മുൻകൂർ അനുമതി കൂടാതെ പ്രസ്തുത തുക ചെലവഴിച്ച നടപടി സാധൂകരിച്ച് നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്നും ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ലോട്ടറി സ്കീം പഠനവുമായി ബന്ധപ്പെട്ട് പഞ്ചാബിൽ നിന്നുള്ള മൂന്നംഗ ഉദ്യോഗസ്ഥ വൃന്ദത്തിന്റെ **30.04.2018** മുതൽ **04.05.2018** വരെ തീയതികളിലെ താമസം, ഭക്ഷണം, യാത്രാസൗകര്യം, മറ്റനുബന്ധ കാര്യങ്ങൾ എന്നീ ഇനങ്ങളിൽ **₹1,68,046/-** (ഒരു

ലക്ഷത്തി അറുപത്തി എട്ടായിരത്തി നാല്പത്തി ആറ് രൂപ മാത്രം) **2075-00-103-99-01-SLT** ശീർഷകത്തിൽ നിന്നും സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ചെലവഴിച്ച സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ നടപടി, സന്ദർശനത്തിന്റെ പ്രാധാന്യവും അടിയന്തര സാഹചര്യവും പരിഗണിച്ച്, പരാമർശം (1) ഉത്തരവിലെ ഇനം-24 "Contingencies (non-recurring)"-ലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ, സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വന്ദന എസ് കെ എ എസ്
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
4. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (TAXES-H1/48/2025-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Babu. G
Date: 18-03-2025 09:51:16
സെക്ഷൻ ഓഫീസർ